**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1135** **11-02-2025 - ൽ മറുപടിയ്ക്ക്**

**'അന്തിപ്പച്ച' പദ്ധതിയുടെ ഭാഗമായുള്ള വാഹനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കാട്ടാക്കട നിയോജകമണ്ഡലത്തിൽ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് 'അന്തിപ്പച്ച' പദ്ധതിയുടെ ഭാഗമായി വാഹനം വാങ്ങുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; നടപടികൾ പൂർത്തിയാക്കി എന്നത്തേക്ക് വാഹനം നിരത്തിലിറക്കാനാകുമെന്ന് വ്യക്തമാക്കാമോ? | (എ) | അന്തിപ്പച്ച പദ്ധതിയുടെ ഭാഗമായി മത്സ്യഫെഡിന് വാഹനം വാങ്ങുന്നതിന് 2023-2024 വർഷം കാട്ടാക്കട നിയമസഭ നിയോജകമണ്ഡലത്തിന്റെ വികസനത്തിനായി വകയിരുത്തിയ ഫണ്ടിൽ നിന്ന് തുക അനുവദിക്കുന്നതിന് കാട്ടാക്കട എം.എൽഎ സമ്മതം അറിയിച്ചതിനെത്തുടർന്ന് 06.03.2024 ലെ സ. ഉ (സാധാ) നം..2140/2024/ധന ഉത്തരവ് പ്രകാരം പദ്ധതി നടത്തിപ്പിന് സർക്കാർ പ്രത്യേക അനുമതി നൽകിയിരുന്നു. ഇതിലേക്ക് മത്സ്യഫെഡ് പ്രൊപ്പോസൽ സമർപ്പിക്കുകയും മുദ്രപത്രത്തിൽ കരാറിൽ ഏർപ്പെടുകയും ചെയ്തിരുന്നു. വാഹനം വാങ്ങുന്നതിന് തിരുവനന്തപുരം ജില്ലാ കളക്ടർ 29.09.2024 തീയതിയിൽ 18,00,000/- (പതിനെട്ട് ലക്ഷം രൂപ മാത്രം) രൂപയുടെ ഭരണാനുമതി പുറപ്പെടുവിക്കുകയും GeMപോർട്ടൽ മുഖേന വാഹനം വാങ്ങുന്നതിനായി ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറെ ഇംപ്ലിമെന്റിംഗ് ഓഫീസർ ആയി നിയമിക്കുകയും ചെയ്തു. എന്നാൽ നിശ്ചിത മോഡലിലുള്ള വാഹനം നാളിതുവരെ കമ്പനിയിൽ നിന്ന് GeM പോർട്ടലിൽ അപ് ലോഡ് ചെയ്തിട്ടില്ല. അതിനാൽ GeM മുഖേന വാഹനം ഓർഡർ ചെയ്യുന്നതിന് സാധിച്ചിട്ടില്ല. അഡ്വാൻസ് ആയി പെയ്മെന്റ് നൽകിയാൽ മാത്രമേ വാഹനം പോർട്ടലിൽ ലഭ്യമാക്കുകയുള്ളുവെന്ന് കമ്പനി അധികൃതർ അറിയിച്ചിട്ടുണ്ട്. കമ്പനിക്ക് അഡ്വാൻസ് ആയി തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ഇതിനായി വകയിരുത്തിയിട്ടുള്ള 18,00,000/- (പതിനെട്ട് ലക്ഷം രൂപ മാത്രം) രൂപ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ (മേഖല) തിരുവനന്തപുരത്തിന് അനുവദിക്കണമെന്ന് തിരുവനന്തപുരം ജില്ലാ കളക്ടറെ അറിയിച്ചിട്ടുണ്ട്. തുക അനുവദിച്ചുകൊണ്ട് 23.01.2025 തീയതിയിൽ ജില്ലാ കളക്ടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഫണ്ട് അലോട്ട്മെന്റ് ലഭ്യമായിട്ടില്ല. എത്രയും വേഗം തുക |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കി വാഹനം വാങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ